യേശു എൻ ഉള്ളത്തിൽ
വന്ന നാളിൽ
എന്തു മാറ്റം എന്നു എന്നിൽ
തന്നെ ഞാൻ ഉള്ളത്തിൽ
ഏറ്റതാലെ എന്തു മോദം
വന്നു എന്നിൽ

1 വൻ വിനകൾ തൻ നടുവിൽ
സഹായമേകി എന്റെ പാപ
ശാപമെല്ലാം തൻമേലേറ്റി
ക്രൂശിൽ തൻ ചോരയെൻ
പേർക്കായൂറ്റി
എന്തു മാറ്റം വന്നു എന്നിൽ

2 ഇജ്ജഗത്തിൻ മാലിന്യങ്ങൾ
നീക്കി മുറ്റും സ്വന്തമാക്കി
എന്റെ പാപബന്ധം നീക്കി
തൻ പിതാവൊത്തു താൻ
ബന്ധമേകി എന്തു മാറ്റം
വന്നു എന്നിൽ ...

3 പൊൻനിണം തന്നെൻ
വിലയായ് വീണ്ടുകൊൾവാൻ
എന്നുമെന്നും ഞാനവന്റേ-
തൊന്നു മാത്രം ദേഹമെൻ
ദേഹിയെന്നാത്മാവും
എന്തു മാറ്റം വന്നു എന്നിൽ

4 എൻ വഴിയിൽ ദുർഘടങ്ങൾ
എല്ലാം നീങ്ങി എന്റെയാശ
എന്റെ ലാക്കും ഒന്നുമാത്രം
ഇല്ലിനി മൃത്യുവിൻ ഭീതിയെന്നിൽ
എന്തുമാറ്റം വന്നു എന്നിൽ

5 രാത്രികാലം തീർന്നിടാറായ്
പ്രഭാതമെത്തി
പ്രഭാതതാരം യേശു വാനിൽ
വന്നിടാറായ് എന്നുമെൻ
ഗാനമിതൊന്നു മാത്രം
എന്തുമാറ്റം വന്നു എന്നിൽ

Yeshu en ullathil
Vanna naalil
Enthu mattam ennu ennil
Thanne njaan ullathil
Etathaale enthu modam
Vannu ennil

1 Van vinakal than naduvil
Sahaayameki ente paapa
Shapamellaam thanmeletti
Krooshil than chorayen
Perkkaayootti
Enthu mattam vannu ennil

2 Ijjagathin maalinyangal
Neekki muttum swanthamakki
Ente paapabandham neekki
Than pithaavothu thaan
Bandhameki enthu mattam
Vannu ennil

3 Ponninam thannen
Vilayai veentukolvaan
Ennumennum njaanavante-
Thonnu maathram dehamen
Dehiyennaathmavum
Enthu maattam vannu ennil

4 En vazhiyil durkhadangal
Ellaam neengi enteyaasha
Ente laakkum onnumaathram
Illini mruthyuvin bheethiyennil
Enthumattam vannu ennil

5 Raathrikaalam theernnidarai
Prabhaathamethi
Prabhathatharam Yeshu vaanil
Vannidarai ennumen
Gaanamithonnu maathram
Enthumattam vannu ennil